# VERAPOLY
## ARCHDIOCESAN GAZETTE
## വരാപ്പുഴ അതിരൂപതാ ഗസറ്റ്

Vol. LIII - JK 92 | 2025 AUGUST 18 | No. 9


## PASTORAL LETTER - 7

## വല്ലാർപാടം തീർത്ഥാടനം 2025

*യേശുവിൽ പ്രിയ വൈദികസഹോദരരേ,*
*സന്യാസസഹോദരന്മാരേ, സഹോദരിമാരേ, വത്സലമക്കളേ,*

പ്രത്യാശയുടെ ഈ ജൂബിലി വർഷത്തിലെ വല്ലാർപാടം മരിയൻ തീർത്ഥാടനം 2025 സെപ്തംബർ 14-ാം തീയതി ഞായറാഴ്ച നടത്തപ്പെടുകയാണ്. ജപമാലയും കയ്യിലേന്തി പ്രാർത്ഥനാനിരതരായി പരിശുദ്ധ വല്ലാർപാടത്തമ്മയുടെ സന്നിധിയിലേക്ക് പ്രത്യാശയോടെ നാം നടത്തുന്ന ഒരു തീർത്ഥാടനമാണിത്. ജൂബിലി വർഷത്തിൽ ജൂബിലി കുരിശിന്റെ പ്രയാണം നാം ഇടവകകളിലും സ്ഥാപനങ്ങളിലും സാഘോഷം നടത്തിവരുന്നു. കാൽവരിയിലെ കുരിശിന്റെ ചുവട്ടിൽ നിന്നിരുന്ന പരിശുദ്ധ അമ്മയെ തന്റെ പ്രിയ ശിഷ്യനായ യോഹന്നാന് അമ്മയായി നൽകിയ യേശുനാഥൻ അതുവഴി അവളെ നമ്മുടെ എല്ലാവരുടെയും അമ്മയായി അവരോധിച്ചു. നമ്മുടെ കുരിശുകളുടെയും സഹനങ്ങളുടെയും സമയത്ത് പരിശുദ്ധ അമ്മ ഇപ്പോഴും നമ്മുടെ ചാരത്ത് തന്നെയുണ്ട്. കായലിൽ താണുപോയ മീനാക്ഷിയ

മ്മയെയും കുഞ്ഞിനെയും സംരക്ഷിച്ചതുപോലെ പരിശുദ്ധ വല്ലാർപാടത്തമ്മ നമ്മെ എല്ലാവരെയും എന്നും സംരക്ഷിച്ചുകൊണ്ടിരിക്കുന്നു. പരിശുദ്ധ അമ്മയുടെ ഈ സംരക്ഷണത്തിന് നന്ദിപറഞ്ഞുകൊണ്ടാണ് നാം വല്ലാർപാടം തീർത്ഥാടനം നടത്തുന്നത്.

പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ പാപ്പായുടെ പ്രസംഗങ്ങളിലും സന്ദേശങ്ങളിലുമെല്ലാം തന്നെ പരിശുദ്ധ അമ്മയോടുള്ള ഭക്തിയും വണക്കവും വെളിവാക്കപ്പെടുന്നുണ്ട്. പരിശുദ്ധ അമ്മയോടുള്ള നമ്മുടെ ഭക്തി പുതുക്കാനുള്ള സമയമാണിത് എന്നാണ് പാപ്പാ നമ്മെ ഓർമ്മിപ്പിക്കുന്നത്. ദൈവമാതാവായ പരിശുദ്ധ കന്യകാമറിയവുമായി നാം സവിശേഷമായ ഒരു ബന്ധം സ്ഥാപിക്കേണ്ടിയിരിക്കുന്നു എന്നും ലെയോ പതിനാലാമൻ പാപ്പാ നമ്മെ അനുസ്മരിപ്പിക്കുന്നു. പ്രാർത്ഥനയുടെ ഐക്യത്തിൽ ഒരുമിച്ചുചേരുന്നവരുടെ ചാരത്ത് പരിശുദ്ധ അമ്മ എപ്പോഴും സന്നിഹിതയായിരിക്കുമെന്ന് അപ്പസ്തോല പ്രവർത്തനങ്ങൾ 1-ാം അദ്ധ്യായം 14-ാം വാക്യം സാക്ഷ്യപ്പെടുത്തുന്നു. പരിശുദ്ധ അമ്മയുമായി ബന്ധം സ്ഥാപിച്ച അപ്പോസ്തലന്മാർക്ക് ധീരമായി അവിടുത്തെ സുവിശേഷം പ്രഘോഷിക്കാനും സഹനങ്ങൾ ഏറ്റെടുക്കാനുമുള്ള കരുത്ത് പരിശുദ്ധ അമ്മ പകർന്നു നൽകി.

തിരക്കുപിടിച്ച നമ്മുടെ ജീവിതത്തിൽ നാം പലപ്പോഴും തളർന്നുപോകാറുണ്ട്. നമ്മുടെ കണക്കുകൂട്ടലുകൾ തെറ്റിപ്പോകുമ്പോൾ, നാം തകർന്നുപോകും. സഹായിക്കാനും ഒരു ആശ്വാസവാക്കു പറയുവാനും ആരുമില്ലായെന്ന തോന്നലോടെ ഒറ്റപ്പെട്ടുപോകുന്ന അവസ്ഥ അനുഭവിക്കുന്നവർ ധാരാളമുണ്ട്. എന്നാൽ ബത്‌ലെഹെം മുതൽ കാൽവരി വരെയും ഒരു തീർത്ഥാടനം പോലെ യേശുവിനെ അനുധാവനം ചെയ്ത പരിശുദ്ധ അമ്മ അവിടുത്തെ ഉത്ഥാനശേഷം തന്റെ തീർത്ഥാടനം തുടരുന്നത് മക്കളോടൊപ്പമാണ് - നമ്മോടൊപ്പമാണ് എന്ന കാര്യം നാം വിസ്മരിക്കരുത്. അതിനാൽത്തന്നെ നാം ആരും ഒറ്റയ്ക്കല്ല, നമ്മെ തന്റെ ഹൃദയത്തോട് ചേർത്തണയ്ക്കുന്ന ഒരു അമ്മ നമ്മോടൊപ്പമുണ്ട് എന്ന സത്യം നമ്മെ ശക്തിപ്പെടുത്തട്ടെ. അലിവോടെ നമ്മെ ആശ്വസിപ്പിക്കാൻ അമ്മ അരികിലുണ്ടെന്ന വസ്തുത നമുക്ക്

പ്രത്യാശ പകരട്ടെ. ഈ ജൂബിലി വർഷത്തിൽ ജൂബിലി കുരിശിന്റെ പ്രയാണം നടത്തുന്ന നമുക്ക് പരിശുദ്ധ അമ്മയുടെ കൈപിടിച്ച് പ്രത്യാശയുടെ തീർത്ഥാടനവും നടത്താം.

ഈ വർഷത്തെ വല്ലാർപാടം തീർത്ഥാടനത്തിന്റെ ക്രമം ഇപ്രകാരമാണ്. 2025 സെപ്തംബർ 14-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് എറണാകുളം സെന്റ് ഫ്രാൻസിസ് അസ്സീസി കത്തീഡ്രലിൽ നിന്നും 3.30-ന് വൈപ്പിൻ ഗോശ്രീ പാലങ്ങൾ ആരംഭിക്കുന്ന ജംഗ്ഷനിൽ നിന്നും വല്ലാർപാടം തീർത്ഥാടനം ആരംഭിക്കുന്നു. ജൂബിലി വർഷമായതിനാൽ എറണാകുളത്തുനിന്നും പതാകയോടൊപ്പം ജൂബിലി കുരിശും വൈപ്പിനിൽ നിന്നും ദീപശിഖയോടൊപ്പം ജൂബിലി ലോഗോയും തീർത്ഥാടനപദയാത്രയുടെ മുന്നിൽ സംവഹിക്കപ്പെടുന്നതാണ്. തുടർന്ന് 4.30-ന് നമ്മുടെ അതിരൂപതയിലെ എല്ലാ വൈദികരും സന്ന്യസ്തരും അല്മായരും ഒരുമിച്ചുചേർന്ന് ഒരു കുടുംബമായി വല്ലാർപാടം ബസിലിക്ക അങ്കണത്തിൽ സമൂഹദിവ്യബലിയർപ്പിക്കുന്നു. ദിവ്യബലി മധ്യേ കോട്ടപ്പുറം രൂപത മെത്രാൻ അഭിവന്ദ്യ അംബ്രോസ് പുത്തൻവീട്ടിൽ പിതാവ് വചനസന്ദേശം നൽകും. ദിവ്യബലിയെത്തുടർന്ന് എല്ലാവരെയും പരിശുദ്ധ വല്ലാർപാടത്തമ്മയ്ക്ക് അടിമ സമർപ്പണം ചെയ്ത് ഞാൻ പ്രത്യേകം പ്രാർത്ഥിക്കുന്നതാണ്. എല്ലാവർക്കും തീർത്ഥാടനത്തിൽ പങ്കെടുക്കാൻ സൗകര്യം ലഭിക്കേണ്ടതിന് നമ്മുടെ ദൈവാലയങ്ങളിൽ ഉച്ചയ്ക്കുശേഷം ദിവ്യബലിയും മറ്റു തിരുക്കർമ്മങ്ങളും, ബി.സി.സി.യോഗങ്ങൾ, വാർഷികങ്ങൾ, മറ്റുപരിപാടികൾ എന്നിവയും മാറ്റിവയ്ക്കണമെന്ന് ഞാൻ ഓർമ്മിപ്പിക്കുന്നു. എല്ലാവരെയും വല്ലാർപാടം തീർത്ഥാടനത്തിലേക്ക് ഞാൻ സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

വല്ലാർപാടം തീർത്ഥാടനത്തിന് മുന്നോടിയായി 2025 ആഗസ്റ്റ് 27 ബുധൻ മുതൽ 31 ഞായർവരെ 13-ാമത് വല്ലാർപാടം ബൈബിൾ കൺവെൻഷൻ നടത്തപ്പെടും. അഭിവന്ദ്യ ഡാനിയേൽ അച്ചാരുപറമ്പിൽ പിതാവിന്റെ കാലത്താണ് വരാപ്പുഴ അതിരൂപതയ്ക്കുവേണ്ടി മധ്യസ്ഥപ്രാർത്ഥന നടത്തുന്ന പ്രാർത്ഥനാഗ്രൂപ്പ് അംഗങ്ങൾ സെന്റ്

ആൽബർട്ട്സ് സ്കൂളിന്റെ ചാപ്പലിൽ ഒത്തുചേരാൻ ആരംഭിച്ചത്. പ്രാർത്ഥനയ്ക്കിടയിൽ നിരന്തരമായി ലഭിച്ച സന്ദേശങ്ങളുടെ തുടർച്ചയായാണ് അഭിവന്ദ്യ ഫ്രാൻസിസ് കല്ലറക്കൽ പിതാവിന്റെ നിർദ്ദേശപ്രകാരം 2012-ൽ വരാപ്പുഴ അതിരൂപത ശതോത്തര രജത ജൂബിലി വർഷത്തിലാണ് ആദ്യത്തെ ബൈബിൾ കൺവെൻഷൻ വല്ലാർപാടത്ത് വച്ച് നടത്തപ്പെട്ടത്.

പരിശുദ്ധ വല്ലാർപാടത്തമ്മയോടൊത്ത് വചനം ധ്യാനിക്കുവാനും പരിശുദ്ധാത്മാവിനാൽ നിറയുവാനും വരാപ്പുഴ അതിരൂപത പ്രൊക്ലമേഷൻ കമ്മീഷന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ബൈബിൾ കൺവെൻഷനിൽ പങ്കെടുക്കുവാൻ ഞാൻ എല്ലാവരെയും ക്ഷണിക്കുന്നു. വചനപ്രഘോഷ രംഗത്ത് ശ്രദ്ധേയനായ അണക്കര മരിയൻ ധ്യാനകേന്ദ്രം ഡയറക്ടർ ബഹു. ഡൊമിനിക്ക് വാളമ്നാൽ അച്ചനാണ് കൃപാഭിഷേകം ബൈബിൾ കൺവെൻഷന് നേതൃത്വം നൽകുന്നത്. എല്ലാ ദിവസവും വൈകിട്ട് 4 മണി മുതൽ രാത്രി 9 മണി വരെയാണ് ധ്യാനശുശ്രൂഷകൾ നടത്തപ്പെടുന്നത്. ധ്യാന ശുശ്രൂഷകൾക്കുശേഷം വിശ്വാസികൾക്ക് തിരികെ പോകുന്നതിന് രാത്രി 9.15-ന് വല്ലാർപാടത്തുനിന്നും പൊന്നാരിമംഗലം, കൂനമ്മാവ്, ഞാറയ്ക്കൽ, എടവനക്കാട്, ഹൈക്കോർട്ട് വഴി പള്ളിമുക്ക്, തേവര, ചാത്യാത്ത് റോഡ്, ചിറ്റൂർ, ചേരാനെല്ലൂർ, മഞ്ഞുമ്മൽ, കലൂർ, പാലാരിവട്ടം, വൈറ്റില, കുണ്ടന്നൂർ, മാടവന എന്നിവിടങ്ങളിലേക്ക് ബസ് സൗകര്യം ഉണ്ടായിരിക്കുന്നതാണ്. ബി.സി.സി. കേന്ദ്രസമിതിയുടെയും വിവിധ സംഘടനകളുടെയും നേതൃത്വത്തിൽ ഓരോ ഇടവകയിൽനിന്നും വല്ലാർപാടത്തേക്ക് വരുവാനും തിരികെ പോകുവാനുമുള്ള യാത്രാ സൗകര്യം ക്രമീകരിക്കേണ്ടതാണ്. വല്ലാർപാടം കൃപാഭിഷേകം ബൈബിൾ കൺവെൻഷൻ വഴി പരിശുദ്ധ അമ്മയിലൂടെ യേശുവിലേക്ക് കൂടുതൽ അടുക്കുവാൻ നമുക്ക് സാധിക്കട്ടെയെന്ന് ഞാൻ ആശംസിക്കുന്നു.

ഈ അവസരത്തിൽ മറ്റൊരു സുപ്രധാന കാര്യം ഞാൻ അനുസ്മരിക്കുകയാണ്. അതിരൂപതാ വിശ്വാസപരിശീലന കമ്മീഷന്റെയും ബി.സി.സി. ഡയറക്ടറേറ്റിന്റെയും നേതൃത്വത്തിൽ 'സുവിശേഷ

ദീപങ്ങൾ' എന്ന പേരിൽ വി. മാർക്കോസിന്റെ സുവിശേഷത്തിന്റെ കൈയെഴുത്തു പ്രതി തയ്യാറാക്കിയവരുടെ മഹാസംഗമം 2025 സെപ്തംബർ 7-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണി മുതൽ 5 മണി വരെ വല്ലാർപാടം ബസിലിക്ക അങ്കണത്തിൽ നടത്തപ്പെടുകയാണ്. ഈ മഹത്സംരംഭത്തിന് നേതൃത്വം നൽകുന്ന അതിരൂപതാ വിശ്വാസപരിശീലന കമ്മീഷനെയും ബി.സി.സി. ഡയറക്ടറേറ്റിനെയും ഇതിൽ പങ്കാളികളാകുന്നവരെയും ഞാൻ ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു. 'സുവിശേഷദീപങ്ങൾ' എന്ന മഹാസംഗമത്തിന് എല്ലാ ആശംസകളും നേരുകയും ചെയ്യുന്നു.

മറ്റൊരു സന്തോഷ വാർത്ത കൂടി ഈ അവസരത്തിൽ നിങ്ങളെ ഞാൻ അറിയിക്കുകയാണ്. 2025 സെപ്തംബർ 7 ഞായറാഴ്ച പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ പാപ്പാ വാഴ്ത്തപ്പെട്ട കാർലൊ അകിറ്റസിനെ ഈ സഹസ്രാബ്ദത്തിന്റെ വിശുദ്ധനായി നാമകരണം ചെയ്യുന്ന അതേദിനത്തിൽതന്നെ വൈകിട്ട് 5.30 ന് നമ്മുടെ അതിരൂപതയിൽ കാക്കനാട് പള്ളിക്കരയിൽ കാർലൊ അകിറ്റസിന്റെ നാമധേയത്തിൽ നിർമ്മിതമായ പ്രഥമ ദൈവാലയം ഞാൻ ആശീർവദിക്കുന്നതാണ്. യുവജനങ്ങൾക്ക് പ്രചോദനവും മാതൃകയും ദിവ്യകാരുണ്യഭക്തിയുടെ പ്രചാരകനുമായ കാർലൊ അകിറ്റസിന്റെ ദൈവാലയ ആശീർവാദകർമ്മത്തിലേക്കും ഞാൻ നിങ്ങളെ സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

2025 സെപ്തംബർ 16 മുതൽ 24 വരെയാണ് പരിശുദ്ധ വല്ലാർപാടത്തമ്മയുടെ തിരുനാൾ നടത്തപ്പെടുന്നത്. സെപ്തംബർ 30 ഒക്ടോബർ 1 തീയതികളിലായി എട്ടാമിടം തിരുനാളും നടത്തപ്പെടും. തിരുനാൾ ദിനങ്ങളിലേക്കും എല്ലാവരെയും ഞാൻ സ്വാഗതം ചെയ്യുന്നു. പ്രത്യാശയുടെ ജൂബിലിവർഷത്തിൽ നടത്തപ്പെടുന്ന വല്ലാർപാടം തീർത്ഥാടനവും ബൈബിൾ കൺവെൻഷനും പരിശുദ്ധ വല്ലാർപാടത്തമ്മയുടെ തിരുനാളും ധാരാളമായ ദൈവാനുഗ്രഹങ്ങൾ നമ്മിൽ ചൊരിയട്ടെയെന്ന് ഞാൻ പ്രാർത്ഥിക്കുന്നു. ജൂബിലി കുരിശിനോടൊപ്പം പരിശുദ്ധ അമ്മയുടെ കൈപിടിച്ച് പ്രത്യാശയുടെ തീർത്ഥാടനം നമുക്ക്

തുടരാം. സ്നേഹനിധിയായ ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെയെന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

എനിക്ക് നിങ്ങളോടുള്ള പൈതൃക സ്നേഹത്തിന്റെ അടയാളമായി പിതാവിന്റേയും, പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ ഞാൻ നിങ്ങളെ ആശീർവദിക്കുന്നു.

**എറണാകുളത്ത് നമ്മുടെ അതിമെത്രാസനമന്ദിരത്തിൽ നിന്ന്, 2025 ആഗസ്റ്റ് 18-ാം തീയതി,**

**✠ ജോസഫ് കളത്തിപ്പറമ്പിൽ**
വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത

---

N.B.: **ഈ ഇടയലേഖനം 2025 ആഗസ്റ്റ് 24-ാം തീയതി ഞായറാഴ്ച ദിവ്യബലി മധ്യേ വായിക്കേണ്ടതാണ്.**

## NOTIFICATION - 10

യേശുവിൽ പ്രിയ വൈദികരെ, സന്യസ്തരെ, വത്സലമക്കളെ,

വരാപ്പുഴ അതിരൂപതാ സഹായ മെത്രാൻ അഭിവന്ദ്യ ആന്റണി വാലുങ്കൽ പിതാവ് നവാഭിഷിക്തരായ മെത്രാന്മാർക്കായി നടത്തപ്പെടുന്ന ഫോർമേഷൻ കോഴ്സിൽ പങ്കെടുക്കുന്നതിനായി 2025 സെപ്തംബർ 1-ാം തീയതി റോമിലേക്ക് പോകുകയാണ്. പ്രസ്തുത ഫോർമേഷൻ കോഴ്സിൽ സംബന്ധിച്ചതിനുശേഷം യൂറോപ്പിൽ ശുശ്രൂഷ ചെയ്യുകയും ഉപരിപഠനം നടത്തുകയും ചെയ്യുന്ന നമ്മുടെ അതിരൂപതാംഗങ്ങളായ ബഹുമാനപ്പെട്ട വൈദികരെയും, സന്ന്യസ്തരെയും, വൈദിക വിദ്യാർത്ഥികളെയും, നമ്മുടെ ഉപകാരികളെയും വാലുങ്കൽ പിതാവ് സന്ദർശിക്കുന്നതുമാണ്. ഒക്ടോബർ 16-ാം തീയതിയാണ് അദ്ദേഹം തിരികെ എത്തിച്ചേരുന്നത്. ഇക്കാലയളവിൽ അഭിവന്ദ്യ ആന്റണി വാലുങ്കൽ പിതാവിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്ന് ഞാൻ ഓർമ്മിപ്പിക്കുന്നു.

18.08.2025 ✠ **ജോസഫ് കളത്തിപ്പറമ്പിൽ**

എറണാകുളം വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത

**NOTIFICATION - 11**

**ORDO - 2026**

Dear Rev. Fathers,

In view of updating our personal details in ORDO 2026, if there is any correction, change, addition, etc. in your personal details (Mobile Number, Email Id, Academic achievements, etc.), please inform the Archdiocesan Curia in writing before 30th September 2025.

18.08.2025 **Chancellor**

Verapoly

Printed and Published by Fr. Ebigin Arackal
New Vimala Social Service Centre, Kakkanad, Kochi - 21